LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ പരിപാലന നയം

77 [3664] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ പരിപാലന നയം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ ഈ നയം അനുസരിച്ച് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അതിനാവശ്യമാ.യ വിഭവം ഏതെല്ലാം നിലയിൽ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ നയം നടപ്പിലാക്കുന്നതിന് പ്രത്യേകമായി തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യ പരിപാലന നയത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) മത്സ്യബന്ധന വകുപ്പിനായുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും.

(ഡി) ഇല്ല.

മത്സ്യ സംസ്ക്കരണ കേന്ദ്രങ്ങളിലേയും മത്സ്യ വിതരണ രംഗത്തേയും തൊഴിലാളികൾ

78 [3665] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മത്സ്യ സംസ്ക്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലുമുള്ള കേന്ദ്രങ്ങൾ എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകി വരുന്ന സംരക്ഷണ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് മത്സ്യ വിതരണ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾ എത്രയാണെന്നറിയിക്കാമോ;